ഭരണഭാഷ മാതൃഭാഷ

നം. ബി1/2700/16/ഡി. പി. ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി :03/02/2016.

## സർക്കുലർ -II

**വിഷയം :-** പൊതു വിദ്യാഭ്യാസം- ജീവനക്കാര്യം - 2016-17 അദ്ധ്യയന വർഷത്തെ അദ്ധ്യാപകരുടെ ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ച് വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.

**സൂചന:-**

1. 25.05.1999-ലെ സർക്കാർ ഉത്തരവ്(പി)നമ്പർ 120/99/പൊ.വി.
2. 02.12.1991-ലെ സർക്കാർ ഉത്തരവ് 36/1991/പി & എ.ആർ.ഡി
3. 16.03.1996-ലെ സർക്കാർ ഉത്തരവ് നമ്പർ 12/96/പി & എ.ആർ.ഡി.
4. 28.10.2002-ലെ സർക്കാർ ഉത്തരവ് നമ്പർ 316/2002/പൊ.വി.
5. 10.09.2004-ലെ സർക്കാർ ഉത്തരവ് നമ്പർ 12/04/ഉ.ഭ.പ.വ
6. 30.12.2009-ലെ സർക്കാർ ഉത്തരവ് നമ്പർ 22/09/പി & എ.ആർ.ഡി
7. 27.03.2010 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 11/2010/പി & എ.ആർ.ഡി
8. 20.01.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 20/2012/പൊ.വി.വ
9. 06.07.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 217/2012/പൊ.വി.വ
10. 23.08.2012 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 42/2012/ഉ.ഭ.പ.വ
11. 28.05.2013 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ബി1/37367/13/ഡി.പി.ഐ സർക്കുലർ.
12. 29-05-2015-ലെ സർക്കാർ കത്ത് നം. 47021/ജെ(1)/ 14/പൊ.വി.വ.
13. സർക്കാരിന്റെ 14-10-2015-ലെ സർക്കുലർ നം. 26519/ജെ1/2015/പൊ.വി.വ.
14. 22-01-2016-ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ബി1/2700/16/ഡി.പി.ഐ സർക്കുലർ 1.

***********

1. പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി വിഭാഗം പ്രധാന അദ്ധ്യാപകർ/പ്രൈമറി അദ്ധ്യാപകർ എന്നിവരുടെ 2016-17 അദ്ധ്യയന വർഷത്തേയ്ക്കുള്ള പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്നു. ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

2. 14 റവന്യൂ ജില്ലകളിലും 2016-17 അദ്ധ്യയന വർഷത്തിൽ നിലവിൽ വരുന്ന ഒഴിവിലേയ്ക്ക് അർഹരായ അദ്ധ്യാപകർക്ക് സ്ഥലംമാറ്റം നൽകുന്നു. കോമൺപൂളിൽ ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം പൂർത്തിയായതിന് ശേഷം പഞ്ചായത്ത് സ്കൂളുകളിൽ ബാക്കിയുള്ള ഒഴിവുകൾ ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിന് മാറ്റിവയ്ക്കേണ്ടതാണ്. ഓൺലൈൻ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ ഹെഡ്മാസ്റ്റർ തലത്തിലും വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിലും പരിശോധന നടത്തിയ ശേഷം ഓൺലൈൻ ട്രാൻസ്ഫറിനായി പരിഗണിക്കുന്നതാണ്. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവാദമുള്ളു. ഒരു പ്രാവശ്യം അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ അതിൽ ഒരു തരത്തിലുള്ള മാറ്റവും വരുത്താൻ കഴിയുകയില്ല. ഓൺലൈനിൽ നൽകുന്ന അപേക്ഷ Confirm ചെയ്താൽ മാത്രമേ അപേക്ഷ രജിസ്ർ ചെയ്യപ്പെടുകയുള്ളൂ. ആയതിനാൽ അപേക്ഷകൻ തന്നെ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്. പൊതുസ്ഥലംമാറ്റത്തിന് ഹയർഓപ്ഷൻ പരിഗണിച്ച് സ്ഥലംമാറ്റം അനുവദിക്കും എന്നുള്ളതിനാൽ സ്കൂളുകൾ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കുവാൻ അപേക്ഷകൻ ശ്രദ്ധിക്കണം. ഹയർഓപ്ഷനിൽ ലഭിക്കുന്ന സ്ഥലംമാറ്റം റദ്ദുചെയ്യാൻ ലഭിക്കുന്ന എല്ലാ അപേക്ഷകളും ലോവർ ഓപ്ഷനിൽ സ്ഥലംമാറ്റം അനുവദിച്ചു കിട്ടുന്നതിനായി ലഭിക്കുന്ന എല്ലാ അപേക്ഷകളും വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ തന്നെ നിരസിച്ചു ഉത്തരവു നൽകേണ്ടതാണ്. അപേക്ഷയുടെ ആദ്യഭാഗത്ത് അപേക്ഷകന്റെ വ്യക്തിഗത കാര്യങ്ങളാണ് രജിസ്റ്റർ ചെയ്യേണ്ടത്. വ്യക്തിഗത പാസ്‌വേഡ് (പാസ്‌വേഡ് അപേക്ഷകന് ഇഷ്ടമുള്ളത് നൽകാം) രഹസ്യസ്വഭാവമുള്ളതായിരിക്കണം. ഈ പാസ്‌വേഡ് ഉപയോഗിച്ചാണ് പിന്നീട് അപേക്ഷയുടെ വിശദാംശങ്ങൾ പരിശോധിക്കേണ്ടത്. അപേക്ഷ പൂരിപ്പിച്ച സമയത്ത് ലഭിച്ച ആപ്ലിക്കേഷൻ ഐ.ഡി.യും അപേക്ഷകൻ നൽകിയ പാസ്‌വേഡും ഭദ്രമായി സൂക്ഷിച്ച് വയ്ക്കേണ്ടതാണ്. വീണ്ടും പ്രിന്റ്ഔട്ട് എടുക്കുന്നതിനും തുടർന്ന് വരുന്ന ട്രാൻസ്ഫറിന്റെ വിവരങ്ങൾ അറിയുന്നതിനും ആപ്ലിക്കേഷൻ ഐ.ഡിയും പാസ് വേഡും അത്യന്താപേക്ഷിതമാണ്. 20/02/2016 വൈകുന്നേരം 5 മണിവരെ അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത അപേക്ഷ പ്രധാനാദ്ധ്യാപകനും, അതാത് വിദ്യാഭ്യാസ ഉപഡയറക്ടറും വെരിഫൈ ചെയ്തു എന്ന് അപേക്ഷകനും ഉറപ്പുവരുത്തേണ്ടതാണ്.

3. **ഓൺലൈനിലൂടെ അല്ലാതെയുള്ള അപേക്ഷ ഒരു** കാരണവശാലും പരിഗണിക്കുന്നതല്ല. ദീർഘമായ അവധിയിൽ നിൽക്കുന്നവർക്കും അന്യത്ര സേവനത്തിൽ തുടരുന്നവർക്കും, സ്ഥലംമാറ്റത്തിന് അപേക്ഷിക്കുവാൻ അനുവാദമില്ല. അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലംമാറ്റം ലഭിച്ച അധ്യാപകർക്ക് 3 വർഷത്തേയ്ക്ക് അച്ചടക്ക നടപടിയ്ക്ക് വിധേയമായ സമയത്ത് ജോലി ചെയ്തിരുന്ന സ്കൂളിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാവുന്നതല്ല.

4. പി.എസ്.സി മുഖേന നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് പ്രസ്തുത നിയമനത്തിനായി അഡ്വൈസ് ചെയ്ത തീയതിയും അഡ്വൈസ് ക്രമനമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക. പ്രൊമോഷൻ തസ്തികയിലേയ്ക്കാണ് നിയമനമെങ്കിൽ പ്രൊമോഷൻ ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമനമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക. പി.എസ്.സി നിയമനം ലഭിച്ച് ജോലിയിൽ ചേർന്നത് നിയമന തീയതിക്ക് 3 മാസത്തിന് ശേഷമാണെങ്കിൽ അവർ സർവ്വീസിൽ ചേർന്ന ദിവസം മുതൽ മാത്രം സീനിയോറിറ്റി കണക്കാക്കാവുന്നതാണ്. അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നിയമനം ലഭിച്ചവർക്ക് പുതിയ ജില്ലയിൽ പ്രവേശിച്ച തീയതി മുതലേ സീനിയോറിറ്റി കണക്കാക്കുകയുള്ളു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിവരെ ജോലിയിൽ പ്രവേശിച്ചവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

5. 20.01.2012 ലെ സർക്കാർ ഉത്തരവ് നമ്പർ(എം.എസ്)20/2012/പൊ.വി. വകുപ്പിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്കൂളുകളിൽ പി.എസ്.സി. മുഖേന നിയമിതരായ അദ്ധ്യാപകർക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

6. ആർ.എം.എസ്.എ. സ്കൂളുകളിൽ തുടർന്നുവരുന്ന പി.എസ്.സി മുഖേന നിയമിതരായ അദ്ധ്യാപകർക്കും, ഭാഷാന്യൂനപക്ഷ സ്കൂളുകളിലെ അദ്ധ്യാപകർക്കും മുൻവർഷം അവലംബിച്ചിരിക്കുന്ന രീതിയിൽ സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും അവരവരുടെ അധികാര പരിധിയിൽ വരുന്ന പഞ്ചായത്ത് സ്കൂളുകളിലേയും ആർ.എം.എസ്.എ യുടെ പരിധിയിൽ വരുന്ന സ്കൂളുകളിലേയും ഒഴിവുകൾ (01.06.2016 - വരെ ) ഉണ്ടാകുന്ന ഒഴിവുകൾ) അപ്‌ലോഡ് ചെയ്യേണ്ടതാണ്.

7. എം.ആർ.എസ് സ്കൂളുകളിലെ നിയമനം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലായതിനാൽ എം.ആർ.എസ് സ്കൂളുകളിലെ വേക്കൻസികൾ ഓൺലൈനിൽ ഉൾപ്പെടുത്തുവാൻ പാടില്ല. അതുപോലെ ഐ.റ്റി.ഐ. പോളിടെക്നിക് എന്നീ സ്ഥാപനങ്ങളിലെ നിയമനവും വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ ടി ഒഴിവുകളും ഓൺലൈനിൽ ഉൾപ്പെടുത്തുവാൻ പാടില്ല. സർക്കാർ/എയ്ഡഡ് ടി.ടി.ഐ.കളിൽ എൻ.സി.റ്റി.സി മാനദണ്ഡമനുസരിച്ച് കൂടുതൽ യോഗ്യതയുള്ള അധ്യാപകരെ നിയമിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ടി.ടി.ഐ.കളിൽ ഉണ്ടാകുന്ന അധ്യാപക ഒഴിവുകൾ നികത്തുമ്പോൾ ബിരുദാനന്തര ബിരുദവും, എം.എഡും 55% മാർക്കോടുകൂടി വിജയിച്ച അപേക്ഷകർക്ക് കൂടുതൽ പരിഗണന നൽകേണ്ടതും, നിലവിലെ യോഗ്യതയുള്ള അപേക്ഷകരെ പരിഗണിച്ച് സ്ഥലംമാറ്റം നൽകേണ്ടതായിട്ടുണ്ട്.

8. ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച് അദ്ധ്യാപകർക്ക് ആവശ്യമായ അറിയിപ്പുകൾ നൽകുന്നതിന് ജില്ലാതലത്തിൽ തന്നെ പത്രപരസ്യം നൽകേണ്ടതാണ്.

9. പ്രഥമ അദ്ധ്യാപകർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച് അവരുടെ കോൺഫറൻസിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഓൺലൈൻ സ്ഥലംമാറ്റം കൂടുതൽ പ്രായോഗികമാക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിനും പാസ്സ്‌വേർഡ് നൽകുന്നതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ ഓരോ സ്കൂളിനും ഓരോ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനും ഒരു പാസ്സ് വേർഡ് നൽകുന്നതും, പ്രഥമ അദ്ധ്യാപകർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരുടെ അധികാരപരിധിയിൽ രജിസ്റ്റർ ചെയ്ത അപേക്ഷകൾ ഓൺലൈൻ വഴി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, ആയത് റിമാർക്സ് സഹിതം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയുടെ പ്രിന്റ് അതാത് ഓഫീസിൽ സൂക്ഷിക്കേണ്ടതും, ആയതിന്റെ ശരിപകർപ്പ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കൈമാറേണ്ടതുമാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ പരിഗണനാർഹമായ അപേക്ഷകളും സ്ഥലംമാറ്റത്തിനു പ്രത്യേക പരിഗണന അർഹിക്കുന്ന അപേക്ഷകളും പരിഗണനാർഹമല്ലാത്ത അപേക്ഷകളും തരംതിരിക്കേണ്ടതാണ്. പരിഗണനാർ ഹമല്ലാത്ത അപേക്ഷകളുണ്ടെങ്കിൽ കാരണം വ്യക്തമാക്കേണ്ടതാണ്. അപേക്ഷ യുടെയും ബന്ധപ്പെട്ട (പ്രത്യേക പരിഗണന തെളിയിക്കുന്നതിനുള്ള) രേഖകളുടെയും പരിശോധനയുടെ കൃത്യത ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്. ഈ അദ്ധ്യയന വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഈ ഒരു അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി കൃത്യമായി പാലിക്കേണ്ടതാണ്. പൊതു വിദ്യാഭ്യാസ വകുപ്പിലെ ഏത് തസ്തികയിലേക്കാണ് സ്ഥലംമാറ്റം വേണ്ടത് പ്രസ്തുത തസ്തികയിൽ തുടരുന്നവർക്ക് മാത്രമേ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ അർഹതയുള്ളൂ.

10. സ്ഥലംമാറ്റത്തിനുള്ള മുഖ്യപരിഗണന പ്രസ്തുത തസ്തികയിലെ സേവനകാല ദൈർഘ്യം (സീനിയോറിറ്റി) ആണ്. തുടർന്നുള്ള ഭാഗങ്ങളിൽ സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ സംബന്ധിച്ച് താഴെപ്പറയും പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്.

(1) പെൻഷന് 1 വർഷം സർവ്വീസ് ബാക്കിയുള്ളവർക്ക് സ്വന്തം താൽപര്യ പ്രകാരം സ്ഥലംമാറ്റം മുൻഗണനാ ക്രമത്തിൽ നൽകുന്നതാണ്.

(2) താഴെപ്പറയുന്ന കാര്യങ്ങളിൽ സഹതാപാർഹമായ സാഹചര്യത്തിലുള്ള സ്ഥലംമാറ്റം നൽകുന്നതാണ്.

എ. സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകർ/പ്രൈമറി അദ്ധ്യാപകർ എന്നിവർക്ക് അപകടം വഴിയോ ഗുരുതരമായ രോഗംമൂലമോ, സ്ഥിരമായ വൈകല്യം സംഭവിച്ച് മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവർ.

ബി. സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകർ/പ്രൈമറി അദ്ധ്യാപകർ എന്നിവർക്ക് ക്യാൻസർ പോലുള്ള ദീർഘകാല ചികിത്സ ആവശ്യമുള്ളതും മറ്റുള്ളവരുടെ സഹായം അനിവാര്യമാകുകയും ചെയ്യുന്ന രോഗങ്ങൾ പിടിപെട്ടവർ.

സി. ഭാര്യ/ഭർത്താവ്, മക്കൾ, അച്ഛൻ/അമ്മ തുടങ്ങിയ സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകർ/ പ്രൈമറി വിഭാഗം പ്രധാനാദ്ധ്യാപകർ എന്നിവരെ പൂർണ്ണമായും ആശ്രയിക്കുന്നവർക്ക് കഠിനമായ രോഗങ്ങൾ പിടിപെടുകയും സർക്കാർ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി വിഭാഗം പ്രധാന അദ്ധ്യാപകർ/പ്രൈമറി അദ്ധ്യാപകർ എന്നിവരുടെ സാമീപ്യം അനിവാര്യമാകുകയും ചെയ്യുന്ന അവസ്ഥ രോഗത്തിന്റെ അവസ്ഥ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിരിക്കണം സഹതാപാർഹ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർ ആവശ്യ മായ മെഡിക്കൽ സർട്ടിഫിക്കറ്റും അനുബന്ധരേഖകളുടെ ശരിപ്പകർപ്പും വിദ്യാഭ്യാസ ഉപഡ യറക്ടർക്ക് നൽകേണ്ടതാണ്.

**3**) സൈനിക സേവനത്തിനിടെ മരണമടഞ്ഞ/അംഗവൈകല്യം ബാധിച്ച ജവാന്റെ ഭാര്യ/ ഭർത്താവിന് പൊതു സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന ഉണ്ടായിരിക്കും. ഇവർ സൈനിക മേധാവികളിൽ നിന്നോ സൈനിക ക്ഷേമ ഡയറക്ടറിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റിന്റെ ശരിപകർപ്പ് സ്ഥലംമാറ്റ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്.

സ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ പ്രതിപാദിച്ച് സർക്കാർ കാലാകാല ങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. അത്തരം വിഭാഗത്തിൽ ഉൾപ്പെടുന്ന വളരെ കൂടുതൽ അപേക്ഷകർ ഒരേ സ്ഥലത്തേക്ക് മാറ്റം ആവശ്യപ്പെടുന്ന സന്ദർഭത്തിൽ താഴെ കൊടുത്തിട്ടുള്ള ക്രമപ്രകാരം പരിഗണിക്കുന്ന താണ്. ഓരോ തസ്തികയിലും ഏതു വിഭാഗത്തിൽപ്പെട്ടവരെയാണ് മുൻ ലിസ്റ്റുകളിൽ അവസാനമായി പരിഗ ണിച്ചത് ആയതിന്റെ തുടർച്ചയായിട്ടായിരിക്കും ഈ വർഷം പരിഗണിക്കുന്നത്. പ്രസ്തുത വിവരങ്ങൾ രേഖ പ്പെടുത്തിയ രജിസ്റ്റർ വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ സൂക്ഷിക്കേണ്ടതും രേഖപ്പെടുത്തലുകൾ ശരിയാ ണെന്ന് ഉപഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ടി രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും, ആവ ശ്യപ്പെടുന്ന പക്ഷം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

(1) പട്ടികജാതി/പട്ടികവർഗ്ഗം

(2) വികലാംഗർ

(3) മിശ്ര വിവാഹിതർ

(4) വിമുക്ത ഭടൻ

(5) സർവ്വീസിലുള്ള ജവാന്റെ ബന്ധു.

(6) സ്വാതന്ത്ര്യ സമര സേനാനിയുടെ ഭാര്യ/ഭർത്താവ്, അവരെ സംരക്ഷിക്കുന്ന മകൻ/മകൾ.

(7) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾ

(8) അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ്/ജനറൽ സെക്രട്ടറി (ഇവർക്ക് സംസ്ഥാന ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിക്കുവാൻ അർഹതയുണ്ട്).

(9) ശ്രവണ- സംസാര ശേഷി സംബന്ധിച്ച വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾ.

(10) വിധവ/വിഭാര്യൻ

(11) മൂകരും ബധിരരുമായ ഉദ്യോഗസ്ഥർ

(12) പ്രവാസി കേരളീയരുടെ ഭാര്യ/ഭർത്താവ്.

(13) അർദ്ധസൈനിക വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന സൈനികരുടെ ആശ്രിതർ.

(14) അന്ധരായ ഉദ്യോഗസ്ഥർ

മേൽ സൂചിപ്പിച്ച സഹതാപാർഹമായ സ്ഥലംമാറ്റം പ്രസ്തുത തസ്തികയിലേക്ക് നൽകപ്പെടുന്ന ആകെ എണ്ണത്തിന്റെ 10% ത്തിൽ അധികരിക്കാവുന്നതല്ല. അവർ ഒരേ വിഭാഗത്തിലുൾപ്പെടുന്നവരാണെങ്കിൽ പ്രസ്ത തസ്തികയിലെ ദൈർഘ്യം (സീനിയോറിറ്റി) ഉള്ള ആൾക്ക് മുൻഗണന നൽകുന്നതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന പിന്നോക്ക വിഭാഗക്കാർ ആയതു തെളിയിക്കുന്ന ആധികാരിക രേഖകളുടെ ശരിപ്പകർപ്പുകൾ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. ആധികാരിക രേഖയുടെ പകർപ്പ് യഥാസമയം സമർപ്പിക്കാത്ത അപേക്ഷകൾ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽ പരിഗണിക്കുന്നതല്ല.

11. ഹൈസ്കൂൾ അധ്യാപകരായിരുന്ന പ്രൈമറി വിഭാഗം പ്രഥമ അധ്യാപകർക്ക് സ്വന്തം താല്പര്യ പ്രകാരം ഹൈസ്കൂൾ അധ്യാപക തസ്തികയിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവു പ്രകാരം മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് (എം.ആർഎസ്) സ്ഥലംമാറ്റം ലഭിച്ചവർ പ്രസ്തുത സ്ഥാപനത്തിൽ തുടർച്ചയായി 3 വർഷം സേവനം അനുഷ്ഠിച്ചാൽ മാത്രമേ സ്ഥലംമാറ്റത്തിന് പരിഗണനാർഹരാവൂ. എന്നാൽ ആർ.എം.എസ്.എ. സ്കൂളുകളിൽ നേരിട്ടുള്ള നിയമനം ലഭിച്ചവർ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്ന പക്ഷം സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതാണ്. മറ്റു സ്ഥാപനങ്ങളിൽ നിന്നും M.RS ... സ്ഥാപനങ്ങളിലേക്ക് പൊതു സ്ഥലംമാറ്റം പരിഗണിക്കുന്നതല്ല.

12. അപേക്ഷയുടെ അവസാന ഭാഗങ്ങളിൽ സ്ഥലംമാറ്റം ലഭിക്കേണ്ട സ്ഥാപനത്തിലെ വിവരങ്ങളാണ് നൽകേണ്ടത്. സ്ഥലംമാറ്റം ആഗ്രഹിക്കുന്ന പരമാവധി 10 വരെയുള്ള സ്ഥാപനങ്ങളുടെ പേര് മുൻഗണനാ ക്രമത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. 01-06-2016-വരെ ഉണ്ടാകുന്ന ഒഴിവുകളെ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. ഒരു സ്ഥാപനത്തിലെ സ്ഥലംമാറ്റം മൂലമുണ്ടാകുന്ന ഒഴിവുകളിലേക്കും, പിന്നീട് ഉണ്ടാവാൻ സാധ്യതയുള്ള ഒഴിവുകളിലേക്കും അപേക്ഷിക്കാവുന്നതാണ്. ഈ അധ്യയന വർഷത്തിൽ ഉണ്ടാവുന്ന എല്ലാ ഒഴിവുകളിലും ഈ ഒരു അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. ആയതിനാൽ സമർപ്പിക്കുന്ന അപേക്ഷയിൽ പിശകുകളില്ലെന്ന് അപേക്ഷകൻ ഉറപ്പുവരുത്തേണ്ടതാണ്.

13. നൽകിയ വിവരങ്ങൾ പൂർണ്ണമായും പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ അപേക്ഷ കൺഫോം ചെയ്യാവൂ. 20-02-2016 നു ശേഷം അപേക്ഷയിൽ യാതൊരു വിധ മാറ്റവും അനുവദിക്കുന്നതല്ല.

14. ഓൺലൈനിലൂടെ അല്ലാതെ ഒരപേക്ഷയും പരിഗണിക്കുന്നതല്ല. അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ചാൽ അത് റദ്ദു ചെയ്യുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ സ്ഥലംമാറ്റം ലഭിച്ച സ്ഥലത്ത് ഏതെങ്കിലും കാരണത്താൽ തസ്തിക ഒഴിവ് ഇല്ലാത്ത സാഹചര്യം ഉണ്ടായാൽ പ്രസ്തുത സ്ഥലംമാറ്റം റദ്ദു ചെയ്യാനുള്ള അധികാരം വിദ്യാഭ്യാസ ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്. ഹൈസ്കൂൾ വിഭാഗത്തിലെ പ്രഥമാദ്ധ്യാപകർ അവർക്ക് ലഭിച്ച അപേക്ഷകൾ അപേക്ഷകരുടെ സർവ്വീസ് പുസ്തകവുമായി ഒത്തു നോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി അപേക്ഷകൾ നശ്ചിത തീയതിയ്ക്കകം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. എൽ.പി.സ്കൂൾ, യു.പി.സ്കൂൾ എന്നിവ മാത്രമായിട്ടുള്ള സ്കൂളിലെ പ്രഥമ അധ്യാപകർ അവർക്ക് ലഭിച്ച അപേക്ഷകൾ അപേക്ഷകരുടെ സർവ്വീസ് പുസ്തകവുമായി ഒത്തു നോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി ഉടനടി ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകേണ്ടതാണ്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവർക്ക് ലഭിച്ച പ്രൈമറി പ്രഥമ അദ്ധ്യാപകരുടെയും പ്രൈമറി അധ്യാപകരുടെയും സ്ഥലംമാറ്റ അപേക്ഷകൾ അപേക്ഷകരുടെ സർവ്വീസ് പുസ്തകവുമായി ഒത്തു നോക്കി രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി അപേക്ഷകൾ നിശ്ചിത തീയതിക്കകം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്.

15. ഓൺലൈൻ മുഖേന പുറപ്പെടുവിക്കുന്ന സ്ഥലമാറ്റ ഉത്തരവിന്റെ കൃത്യത അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ തന്നെ ആയിരിക്കുന്നതാണ്.

16. 2016-17 അധ്യയന വർഷത്തെ പൊതുസ്ഥലം മാറ്റം സമയബന്ധതമായി നടത്തുന്നതിനുള്ള ചാർട്ട് ഇതോടൊപ്പം ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഓരോ ജില്ലയിലേയും ഒഴിവുകളുടെ വ്യക്തമായ കണക്ക് നിശ്ചിത മാതൃകയിൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടത്. | 08/02/2016 |
| 2 | അപേക്ഷ സ്വീകരിക്കുന്ന തീയതി | 10/02/2016 മുതൽ 20/02/2016 |
| 3 | സ്കൂൾ തലത്തിലും, വിദ്യാഭ്യാസ ഉപജില്ലാ തലത്തിലും അപേക്ഷ പരിശോധിക്കുന്നതിനു അനുവദിച്ച സമയം | 22/02/2016 മുതൽ 25/02/2016 |
| 4 | വിദ്യാഭ്യാസ ഉപഡയറക്ടർ ആഫീസിൽ അപേക്ഷ പരിശോധിക്കലും, സീനിയോറിറ്റി തയ്യാറാക്കലും, അപേക്ഷകളിൽ പ്രധാന അധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ രേഖമൂലം തിരുത്തലുകൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു ടി കാലയളവിൽ തിരുത്തേണ്ടതാണ്. | 29/02/2016 മുതൽ 05/03/2016 |
| 5 | ജില്ലയിൽഓരോ തസ്തികയിലേക്കും ലഭിച്ച അപേക്ഷ കളുടെ വിശദാംശങ്ങൾ (സീനിയോറിറ്റി അടങ്ങിയ സംക്ഷിപ്ത രൂപം പ്രസിദ്ധീകരിക്കേണ്ടതാണ്. | 09/03/2016 |
| 6 | അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയം. | 10/03/2016 മുതൽ 16/03/2016 |
| 7 | പ്രൈമറി പ്രഥമാധ്യാപകരുടെ താൽകാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 18/03/2016 |
| 8 | പ്രൈമറി പ്രഥമാധ്യാപകരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയം | 22/03/2016 മുതൽ 29/03/2016 |
| 9 | പ്രൈമറി പ്രഥമാദ്ധ്യാപകരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 30/03/2016 |
| 10 | ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകരുടെ താൽകാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 02/04/2016 |
| 11 | താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുള്ള സമയം | 06/04/2016 മുതൽ 13/04/2016 |
| 12 | ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി അധ്യാപകരുടെ അന്തിമ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 20/04/2016 |

17. പ്രൈമറി പ്രഥമ അധ്യാപകരുടെ സ്ഥലംമാറ്റ നിലവിലുള്ള ഒഴിവിൽ നിശ്ചിത സമയപട്ടിക പ്രകാരം നടത്തേണ്ടതാണ്. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥലംമാറ്റം നൽകിയാൽ ഉടൻ തന്നെ ടി തസ്തികയിലേക്കുള്ള പ്രമോഷൻ നൽകുകയും പ്രസ്തുത ഉത്തരവ് പ്രകാരം തൽസ്ഥാനങ്ങളിൽ അദ്ധ്യാപകർ പ്രവേശിപ്പിച്ചിട്ടുണ്ടോയെന്നു ഉറപ്പു വരുത്തേണ്ടതും, ആയതിലൂടെ ഉണ്ടാകുന്ന ഒഴിവുകൾ ഓൺലൈനിൽ ഉൾപ്പെടുത്തി അധ്യാപകരുടെ സ്ഥലംമാറ്റം നിശ്ചിത തീയതിക്കകം പുർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതുമാണ്.

18. താൽകാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ സ്ഥലംമാറ്റ അപേക്ഷകൾ റദ്ദു ചെയ്യുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല. എന്നാൽ പ്രത്യേക സാഹചര്യത്തിൽ അപേക്ഷ റദ്ദു ചെയ്യുന്നതിലേക്കായി ആ അപേക്ഷയുടെ ആപ്ലിക്കേഷൻ ഐ.ഡി. ചൂണ്ടിക്കാട്ടി പ്രധാനാദ്ധ്യാപകൻ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതും വിദ്യാഭ്യാസ ഉപഡയറക്ടർമാർ കംപ്ലയിന്റ് ലിങ്കിൽ ശുപാർശ സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയ്ക്ക് ശേഷം അപേക്ഷ വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ഐ.റ്റി @ സ്കൂൾ സ്വീകരിക്കുന്നതാണ്.

19. അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഈ ഉത്തരവ് വെബ്സൈറ്റിൽ നൽകുകയും അധ്യാപകർക്ക് ഇവ ഡൗൺലോഡ് ചെയ്ത് റിലീസ് ചെയ്യുന്നതിനായി ഉപയോഗിക്കാവുന്നതുമാണ്. എന്നിരുന്നാലും വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്ഥലംമാറ്റ ഉത്തരവ് ബന്ധപ്പെട്ട അധ്യാപകർക്കും, പ്രധാനാധ്യാപകർക്കും, രജിസ്റ്റേർഡ് തപാൽ മുഖേന നിർബന്ധമായും അയക്കേണ്ടതും സ്ഥലംമാറ്റം അനുവദിച്ച അധ്യാപകരെ ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം നടപടി ഉത്തരവിൽ സൂചിപ്പിക്കേണ്ടതും പ്രധാനാധ്യാപകൻ ഇപ്രകാരം ചെയ്തിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

20. അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയുള്ള എല്ലാ നടപടി ക്രമങ്ങളും ഓൺലൈൻ മുഖേനയാണ് നടക്കുന്നത്. അതിനാൽ അപേക്ഷകർ നിരന്തരം നടപടി ക്രമങ്ങൾ നീരിക്ഷിക്കേണ്ടതും പരാതികൾ/തർക്കങ്ങൾ എന്നിവയുണ്ടെങ്കിൽ ഇതിനായി അനുവദിച്ചിരിക്കുന്ന സമയത്ത് പരാതി രേഖാമൂലം ഉചിത മാർഗ്ഗേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതുമാണ്. അനുവദിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ഒരു പരാതിയും പരിഗണിക്കുന്നതല്ല. സമയ പരിധി ചിട്ടപ്പെടുത്തിയിരിക്കുന്നത് അനുസരിച്ച് പൂർത്തിയാകാത്ത പക്ഷം എവിടെയാണോ വീഴ്ചവരുത്തിയിരിക്കുന്നത് ആ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പൂർണ്ണമായും ഈ വീഴ്ചയ്ക്ക് ഉത്തരവാദികളായിരിക്കും.

21. ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ചുള്ള സാങ്കേതികമായ സംശയ നിവാരണത്തിനായി ഐ.റ്റി.@സ്കൂൾ പ്രോജക്ടിലും (0471-2324800, 0471-2529800) മറ്റ് പൊതുവായുള്ള സംശയ നിവാരണത്തിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലോ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലോ (0471-2580513) പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.റ്റി.@സ്കൂൾ,പ്രോജക്ട്,പൂജപ്പുര, തിരുവനന്തപുരം
3) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5) എല്ലാ പ്രധാനാധ്യാപകർക്കും

} ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന

6) എ3/ബി1/ബി2/സെക്ഷൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
7) കരുതൽ ഫയൽ.

വൈ.പി